(ഡി) തിരുവനന്തപുരം വിമാനത്താവളത്തിന് ചാക്ക ഭാഗത്തായി ലോക നിലവാരത്തിലുള്ള ഒരു അന്താരാഷ്ട്ര ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ ആദ്യഘട്ട വികസനത്തിനായി 24.268 ഏക്കർ ഭൂമി ഇതിനകം അക്വയർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 3.275 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ദീർഘകാല വികസനത്തിന് വേണ്ടിവരുന്ന 120 ഏക്കർ ഭൂമി അക്വയർ ചെയ്യുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് വരുന്നു.

കുമരംപുത്തൂർ ജംഗ്ഷനും മണ്ണാർക്കാട് കല്ലടി കോളേജിനും ഇടയിൽ ഇടയ്ക്കിടെയുണ്ടാകുന്ന വാഹന അപകടങ്ങൾ

32 [5873] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എൻ. എച്ച്. 213-ൽ കുമരംപുത്തൂർ ജംഗ്ഷനും മണ്ണാർക്കാട് കല്ലടി കോളേജിനും ഇടയിൽ ഇടയ്ക്കിടെ വാഹനാപകടങ്ങൾ ഉണ്ടാകുന്നതായ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു വർഷത്തിനകം ഇവിടെ എത്ര അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്;

(സി) എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ഡി) എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(ഇ) ഇവിടെ അപകടങ്ങൾ പെരുകുന്നതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ;

(എഫ്) ഇവിടെ അപകടങ്ങൾ ഒഴിവാക്കാൻ ഗവൺമെന്റ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും ഇവ എന്നത്തേക്ക് നടപ്പാക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9 (ഒൻപത്) വാഹനാപകടങ്ങൾ സംഭവിച്ചിട്ടുണ്ട്.

(സി) ഒരാൾ മരണപ്പെട്ടിട്ടുണ്ട്.

(ഡി) 29 (ഇരുപത്തിഒൻപത്) ആളുകൾക്ക് പരിക്കുപറ്റിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) അമിതവേഗതയിലുള്ള ഡ്രൈവിംഗ് കാരണം ഉണ്ടായിട്ടുള്ള അപകടങ്ങൾ ഒഴിവാക്കാൻ അപകടമേഖലയാണ് എന്ന് മുന്നറിയിപ്പുകൾ നൽകുന്ന ബോർഡുകൾ സ്ഥാപിച്ചും റോഡിന്റെ സൈഡുകളിൽ റിഫ്ളക്ടറുകൾ സ്ഥാപിച്ചും റോഡുകളിൽ സീബ്രാലൈനുകൾ സ്ഥാപിച്ചും ആവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് പോലീസിനെ നിയോഗിച്ചും ഇപ്പോൾത്തന്നെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly